(ബി) ഇല്ല.

(സി) കേരളത്തിലേയും തമിഴ്നാട്ടിലേയും ചീഫ് എൻജിനീയർമാരടങ്ങിയ ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിന്റെ ചുമതലകൾ പരാമർശിക്കുന്ന പി.എ.പി. കരാറിന്റെ ഷെഡ്യൂൾ 5 പാരാ 2 (ബി) അനുസരിച്ച് കോണ്ടൂർ കനാലിലെ 'ഇന്റർസെപ്ഷൻ കാണ്ടിറ്റി' അളക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. ഇരുസംസ്ഥാനങ്ങൾക്കും ഇതിൻമേൽ ഒരു തീരുമാനത്തിലെത്താൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കോണ്ടൂർ കനാൽ 'റീ- ലൈനിംഗ്' ചെയ്യുന്നത് അഭികാമ്യമല്ല. ഈ പണികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 25.03.99-ൽ സംസ്ഥാന മുഖ്യമന്ത്രി ഈ പ്രവൃത്തികൾ ഉടനെ നിറുത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചു. ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പ്രവൃത്തികൾ നിറുത്തിവയ്ക്കാൻ ആവശ്യപ്പെടണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിനും ഈ പണിക്ക് സാമ്പത്തികസഹായം നൽകുന്ന ധനകാര്യഏജൻസിക്കും എഴുതിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഈ ജലം കേരളത്തിന് നൽകണമെന്ന് കരാറിൽ നിഷ്കർഷിച്ചിട്ടില്ല.

(എഫ്) ഉണ്ട്. വഗരിയാർ, അലിയാർ, ഫീഡർ കനാൽ എന്നീ ഗേജിംഗ് പോയിന്റുകളിൽ ജലം നൽകാനുള്ള സംവിധാനം ഉണ്ട്.

7 (*97) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. പി. രാഘവൻ :

ശ്രീ. എം. ദാസൻ :

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരക്കടലിൽ നിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ അളവ് സംബന്ധിച്ച് സംസ്ഥാന ആസൂത്രണബോർഡ് എന്തെങ്കിലും പഠനം നടത്തിയതായി സർക്കാരിന് അറിവുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന തീരക്കടലിൽനിന്ന് പിടിച്ചെടുക്കപ്പെടുന്ന മത്സ്യത്തിന്റെ അളവ് ഓരോ വർഷവും കുറഞ്ഞുവരുന്നതായി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) അവയിൽ പ്രധാനകാരണങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ഇ) കേരള തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) മത്സബന്ധനത്തിനായുള്ള യന്ത്രവൽക്കൃത ബോട്ടുകളുടെയും വള്ളങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കാതിരിക്കാനും ചെറിയ മത്സ്യങ്ങളെപ്പോലും പിടിച്ചെടുക്കുന്നതടക്കം കൊല്ലിവലയുടെ വ്യാപകമായ ഉപയോഗം

LIBRARY ARCHIVES Kerala Legislative Assembly

തടയാനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി)&(ഡി) ഏറ്റകുറച്ചിലുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) കെ. എം. എഫ്. ആർ. ആക്ട് പ്രകാരമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തൽ.

(ii) മൺസൂൺകാല ട്രോളിംഗ് നിയന്ത്രണം.

(iii) കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ.

(എഫ്) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) ബോട്ടുകളുടെ രജിസ്ട്രേഷനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ii) കെ. എം. എഫ്. ആർ. ആക്ട് പ്രകാരം തീരക്കടലിൽ അടക്കം കൊല്ലിവല, 35 മില്ലീമീറ്ററിൽ താഴെ കണ്ണിവലിപ്പമുള്ള വല എന്നിവയുടെ ഉപയോഗം നിരോധിച്ചിട്ടുണ്ട്. റിംഗ്സീൻ, പലാജിക്ക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബോട്ടംട്രോൾ എന്നിവയും നിരോധിച്ചിട്ടുണ്ട്.

8 (*98) ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ നടപടി

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ ഫ്രാൻസിസ്
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മൺസൂൺ സീസണിൽ ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളും മത്സ്യവൽകൃത മത്സ്യബന്ധനത്തൊഴിലാളികളും തമ്മിൽ നിരോധനകാലത്ത് ഉടലെടുക്കാറുള്ള സംഘർഷം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ട്രോളിംഗ് നിരോധനംമൂലം തൊഴിൽരഹിതരാകുന്ന യന്ത്രവൽകൃത മത്സ്യവ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് നിരോധനകാലത്ത് ആശ്വാസം നൽകുന്നതിനുള്ള പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly